ഉത്തരം

(എ) എഴികാട് പട്ടികജാതി കോളനിയിൽ കുടിവെള്ളം, ഗതാഗത സൗകര്യം, ഇലക്ട്രിസിറ്റി എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. വഴി വിളക്ക് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ എല്ലാവിധ സൗകര്യങ്ങളുമുള്ള ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിച്ചിട്ടുണ്ട്. കോളനിയിൽ ഒരു നഴ്സറി സ്കൂളും പ്രവർത്തിക്കുന്നുണ്ട്.

(ബി) 250 കുടുംബങ്ങൾ

(സി) വയറിംഗ് പൂർത്തിയാക്കിയ എല്ലാവർക്കും കണക്ഷൻ നൽകിയിട്ടുണ്ട്. ആർക്കെങ്കിലും കണക്ഷൻ ലഭിക്കാനുണ്ടെങ്കിൽ നൽകുന്നതാണ്.

(ഡി) നിലവിൽ കോളനിയിൽ കുടിവെള്ളം ലഭ്യമാണ്.

(ഇ) കോളനിയുടെ വികസനത്തിനായി കഴിഞ്ഞ സാമ്പത്തിക വർഷം 11 ലക്ഷം രൂപയും ഈ സാമ്പത്തിക വർഷം 2.70 ലക്ഷം രൂപയും ചെലവാക്കിയിട്ടുണ്ട്. അതിനുമുമ്പ് ചെലവാക്കിയ തുകയുടെ കണക്ക് ലഭ്യമല്ല.

തോന്നയ്ക്കൽ ഹരിജൻ കോളനി പ്രോഗ്രാമിന് സൊസൈറ്റിക്ക് സ്ഥലം നൽകുന്നതിന് നടപടി

15 (2565) ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കഴക്കൂട്ടം തോന്നയ്ക്കൽ ഹരിജൻ കോളനി പ്രോഗ്രസിന് സൊസൈറ്റിക്ക് ഒരേക്കർ സ്ഥലം അനുവദിക്കണമെന്ന് ആവശ്യത്തിൻമേൽ ഫയൽ നമ്പർ 45/വി.ഐ.പി./2000/എം (ബി ആന്റ് സി) എന്ത് നടപടികളാണ് ഇന്നേവരെ സ്വീകരിച്ചിട്ടുള്ളതെന്നും ഇക്കാര്യം സംബന്ധിച്ച് ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

ഇക്കാര്യം പരിശോധിച്ചു വരുന്നു.

പ്രൈവറ്റായി പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നിശ്ചയിച്ചിട്ടുള്ള ട്യൂഷൻ ഫീസ് നിരക്ക്

16 (2566) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ പ്രീഡിഗ്രി, ഡിഗ്രി കോഴ്സുകൾക്ക് പ്രൈവറ്റായി പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നിശ്ചയിച്ചിട്ടുള്ള ട്യൂഷൻ ഫീസ് നിരക്ക് പ്രതിവർഷം എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly